## കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3372 14/03/2018-ൽ മറുപടിയ്ക്ക്

# അടച്ചുപൂട്ടൽ ഭീഷണിയിൽ യത്തീംഖാനകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.ടി തോമസ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>( ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ യത്തീംഖാനകൾ ബാലനീതി നിയമപ്രകാരം മാർച്ച് 31നകം രജിസ്റ്റർ ചെയ്യണമെന്ന് സുപ്രീംകോടതി ഉത്തരവായിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അനാഥാലയങ്ങൾ അടച്ചുപൂട്ടുന്നതിന് സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) ചില സ്ഥാപനങ്ങൾ പ്രവർത്തനം അവസാനിപ്പിക്കുകയാണെന്നും കുട്ടികളെ അനുയോജ്യമായ മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് മാറ്റണമെന്നും അഭ്യർത്ഥിച്ച് സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്ത 165 സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ. ഈ സ്ഥാപനങ്ങളുടെ അഭ്യർത്ഥനയെ തുടർന്ന് ഓർഫനേജ് കൺട്രോൾ ബോർഡ് റദ്ദാക്കിയിട്ടുണ്ട്. |
| (സി) ഇപ്രകാരം അടച്ച് പൂട്ടുന്ന സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) അടച്ച് പൂട്ടുന്ന സ്ഥാപനങ്ങളിലെ കുട്ടികളെ അംഗീകാരമുള്ള സമാന സ്ഥാപനങ്ങളിലേക്ക് ചൈൽഡ് വെൽഫെയർ കമ്മിറ്റി മുഖാന്തിരം മാറ്റുന്നതിനോ മാതാപിതാക്കൾക്കൊപ്പം വിട്ടയക്കുന്നതിനോ ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ